2026
FEBRUARY
10
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഇന്ത്യൻ കാർഷികോത്പ്പന്നങ്ങൾ യുഎസിൽ തീരുവരഹിതം

**ന്യൂഡൽഹി:** രാജ്യത്തെ കർഷകരുടെ നിരവധി കാർഷികോത്പ്പന്നങ്ങൾ തീരുവയില്ലാതെ അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യാനാവുമെന്ന് കേന്ദ്ര കൃഷി, ഗ്രാമവികസന മന്ത്രി ശിവരാജ് സിങ് ചൗഹാൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എന്നാൽ അമേരിക്കൻ കാർഷികോത്പ്പന്നങ്ങൾക്ക് ഇന്ത്യൻ വിപണിയിൽ ഈ ഇളവ് ലഭിക്കില്ല. കാർഷിക, ക്ഷീര മേഖലകളിലെ ഇന്ത്യയുടെ താൽപര്യങ്ങൾ പൂർണമായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. കാർഷിക മേഖലയിലെ നിരവധി ഉത്പ്പന്നങ്ങളുടെ തീരുവയിൽ അമേരിക്ക കാര്യമായ കുറവ് വരുത്തിയതായി അദ്ദേഹം ചൂണ്ടിക്കാട്ടി. നേരത്തെ 50 ശതമാനം വരെ തീരുവയുണ്ടായിരുന്ന പല കാർഷികോത്പ്പന്നങ്ങളും ഇപ്പോൾ തീരുവരഹിതമാക്കി. സുഗന്ധവ്യഞ്ജനങ്ങൾ, ചായ, കാപ്പി, തേങ്ങ, വെളിച്ചെണ്ണ, അടയ്ക്ക, കശുവണ്ടി, സസ്യജന്യ മെഴുക്, വെണ്ണപ്പഴം, നേന്ത്രപ്പഴം, പേരയ്ക്ക, മാമ്പഴം, കിവി, പപ്പായ, പൈനാപ്പിൾ, കൂൺ, ചില ധാന്യങ്ങൾ എന്നിവ ഇതിലുൾപ്പെടുന്നു. 2024–25 സാമ്പത്തികവർഷം ഇന്ത്യയുടെ കാർഷിക കയറ്റുമതി 4.45 ബില്യൺ ഡോളറിലെത്തിയെന്ന് അദ്ദേഹം പറഞ്ഞു. സുഗന്ധവ്യഞ്ജന കയറ്റുമതിയിൽ 88 ശതമാനം വർധനയുണ്ടായി.

വ്യാപാര കരാറിനെത്തുടർന്ന് രാജ്യത്തെ സുഗന്ധവ്യഞ്ജനങ്ങൾക്ക് യുഎസിൽ വിപുലമായ പുതിയ വിപണി ലഭിക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു. ആഗോള സുഗന്ധവ്യഞ്ജന വിപണിയിൽ ഇന്ത്യയ്ക്ക് ഇതിനകം ശക്തമായ സ്ഥാനമുണ്ട്. ലോകത്ത് ഏകദേശം 200 സ്ഥലങ്ങളിലേക്ക് സുഗന്ധവ്യഞ്ജനങ്ങളും സുഗന്ധവ്യഞ്ജന ഉത്പ്പന്നങ്ങളും ഇന്ത്യ കയറ്റുമതി ചെയ്യുന്നുണ്ട്. സുഗന്ധവ്യഞ്ജനങ്ങളുടെയും മറ്റ് കാർഷികോത്പ്പന്നങ്ങളുടെയും കയറ്റുമതിയെ കരാർ ത്വരിതപ്പെടുത്തും. ഇന്ത്യൻ വിപണിയുടെ സുരക്ഷയിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. വിദേശ കാർഷികോത്പ്പന്നങ്ങൾ ഇന്ത്യൻ കാർഷിക വിപണിയിൽ പ്രവേശിക്കുന്ന പക്ഷം അവയ്ക്ക് തീരുവ നൽകേണ്ടിവരും. രാജ്യത്തെ കർഷകർക്ക് പൂർണസ്വാതന്ത്ര്യവും സമ്പൂർണ സംരക്ഷണവുമുണ്ട്. ഇതാണ് വ്യാപാര കരാറിന്റെ ഏറ്റവും വലിയ കരുത്തെന്നും കേന്ദ്രമന്ത്രി പറഞ്ഞു. പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ ഉത്പ്പന്നങ്ങളെയും കരാറിൽ നിന്ന് ഒഴിവാക്കി.

കൃഷിയെയും കാർഷികോത്പ്പന്നങ്ങളെയും സംബന്ധിച്ച് ഇന്ത്യൻ കർഷകരുടെ താൽപ്പര്യങ്ങളെ മുൻനിർത്തി ഇന്ത്യ-യുഎസ് വ്യാപാര കരാറിൽ ഒരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ലെന്നും കർഷകർക്ക് ദോഷകരമായ വിധത്തിൽ ഒരു ഉൽപ്പന്നവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു. പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ ഉത്പ്പന്നങ്ങളെയും കരാറിന് പുറത്ത് നിർത്തിയിട്ടുണ്ട്. സോയാബീൻ, ചോളം, അരി, ഗോതമ്പ്, പഞ്ചസാര, ചെറുധാന്യങ്ങൾ, പക്ഷിജന്യ ഉൽപ്പന്നങ്ങൾ, ക്ഷീരോൽപ്പന്നങ്ങൾ, നേന്ത്രപ്പഴം, സ്ട്രോബെറി, ചെറി, നാരങ്ങ വർഗങ്ങൾ, പച്ചപ്പയർ, കടല, ചെറുപയർ, എണ്ണക്കുരുക്കൾ, എഥനോൾ, പുകയില തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് യാതൊരുവിധ തീരുവ ഇളവുകളും നൽകിയിട്ടില്ലെന്ന് കേന്ദ്ര കൃഷിമന്ത്രി വ്യക്തമാക്കി. രാജ്യത്തെ പ്രധാന ധാന്യങ്ങളെക്കുറിച്ചായിരുന്നു ഏറ്റവും വലിയ ആശങ്കയെന്ന് അദ്ദേഹം പറഞ്ഞു. പ്രധാന ധാന്യങ്ങളെല്ലാം സുരക്ഷിതമായിരിക്കണമെന്നതായിരുന്നു ഏറ്റവും വലിയ ഉത്കണ്ഠയെന്നും അവയെല്ലാം പൂർണമായും സുരക്ഷിതമാക്കിയെന്ന് അഭിമാനപൂർവം പറയാനാവുമെന്നും അദ്ദേഹം വ്യക്തമാക്കി.

യുഎസിന് മുന്നിൽ പ്രധാന ധാന്യങ്ങൾക്കും പഴങ്ങൾക്കും ക്ഷീരോത്പ്പന്നങ്ങൾക്കും വാതിലുകൾ തുറന്നിട്ടില്ലെന്ന് അദ്ദേഹം അറിയിച്ചു. പല അമേരിക്കൻ കാർഷികോത്പ്പന്നങ്ങൾക്കും ഇന്ത്യൻ വിപണിയിൽ പ്രവേശിക്കാനാവില്ലെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. തവിട് നീക്കം ചെയ്ത ധാന്യങ്ങൾ, ധാന്യപ്പൊടികൾ, ഗോതമ്പ്, ചോളം, അരി, ചാമ, ഉരുളക്കിഴങ്ങ്, സവാള, പയറുവർഗങ്ങൾ, ബീൻസ്, വെള്ളരി, കൂൺ, പരിപ്പുവർഗങ്ങൾ, ശീതീകരിച്ച പച്ചക്കറികൾ, ഓറഞ്ച്, മുന്തിരി, നാരങ്ങ, സ്ട്രോബെറി, ടിന്നിലടച്ച മിശ്രിത പച്ചക്കറികൾ എന്നിവ ഇന്ത്യൻ വിപണിയിലേക്ക് വരില്ല.



ക്ഷീരോത്പ്പന്നങ്ങളിൽ പാല്, പാൽപ്പൊടി, ക്രീം, തൈര്, മോര്, വെണ്ണ, നെയ്യ്, ബട്ടർ ഓയിൽ, പനീർ, ചീസ് എന്നിവയൊന്നും ഇന്ത്യയിൽ പ്രവേശിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. കുരുമുളക്, ഗ്രാമ്പു, ഉണങ്ങിയ പച്ചമുളക്, കറുവപ്പട്ട, മല്ലി, ജീരകം, കായം, ഇഞ്ചി, മഞ്ഞൾ, അയമോദകം, ഉലുവ, കാസിയ, കടുക്, കടുക് വിത്തുകൾ, തവിട്, മറ്റ് പൊടിച്ച സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ അമേരിക്കയിൽ നിന്ന് ഇന്ത്യ ഇറക്കുമതി ചെയ്യില്ലെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ കർഷകർക്കും സ്ത്രീകൾക്കും പ്രത്യേകിച്ച് യുവജനങ്ങൾക്കും മുന്നേറാൻ പുതിയ അവസരങ്ങൾ കരാർ നൽകും.

വസ്ത്രവ്യാപാരം ഉൾപ്പെടെ രാജ്യത്തെ പല സുപ്രധാന മേഖലകളിലും മറ്റ് മത്സരാധിഷ്ഠിത രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയുടെ തീരുവ ഏകദേശം 18 ശതമാനത്തിലേക്ക് ഗണ്യമായി കുറച്ചിട്ടുണ്ട്. ഇത് വസ്ത്ര കയറ്റുമതിക്ക് പുതിയ കരുത്തും ദിശാബോധവും നൽകും. വസ്ത്ര കയറ്റുമതിയുടെ നേരിട്ടുള്ള ഗുണം കർഷകരിലേക്കെത്തുമെന്ന് കേന്ദ്ര കൃഷിമന്ത്രി വ്യക്തമാക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇതുവരെ ഒൻപത് സ്വതന്ത്ര വ്യാപാര കരാറുകൾ പൂർത്തീകരിച്ചതായി കേന്ദ്രമന്ത്രി പറഞ്ഞു. അമേരിക്കയ്ക്ക് പുറമെ യുഎഇ, ഒമാൻ, ന്യൂസിലാൻഡ്, യുകെ തുടങ്ങി 27 രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകൾ ഒപ്പുവെച്ചു, കൂടുതൽ രാജ്യങ്ങളുമായി ചർച്ചകൾ നടന്നു വരികയാണ്. ഈ കരാറുകളിൽ നിന്നെല്ലാം രാജ്യത്തിന് വിപുലമായ നേട്ടങ്ങൾ ലഭിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

## വിദ്യാർത്ഥി സ്റ്റാർട്ടപ്പുകളെ കണ്ടെത്താൻ ഹാക്കത്തോണുകൾ

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളേജ് ഓഫ് എൻജിനീയറിംഗിൽ നടക്കുന്ന ഐ.ഇ.ഡി.സി സ്റ്റാർട്ടപ്പ് സമ്മിറ്റ് 2026ന്റെ മുന്നോടിയായി 14 ജില്ലകളിലും വിപുലമായ ഹാക്കത്തോണുകൾ സംഘടിപ്പിക്കുന്നു. കലാലയങ്ങളിൽ നിന്നുള്ള മികച്ച നൂതനാശയങ്ങളെയും വിദ്യാർത്ഥി സംരംഭങ്ങളെയും കണ്ടെത്താനുള്ള പ്രാഥമിക വേദിയായി ഹാക്കത്തോണുകൾ പ്രവർത്തിക്കും. ഓരോ ജില്ലയിലെയും പ്രാദേശിക ക്ലസ്റ്ററുകൾ തിരിച്ചറിഞ്ഞ് മുൻഗണനാ മേഖലകളിലെ പ്രശ്നങ്ങൾക്ക് പ്രായോഗികമായ പരിഹാരങ്ങൾ കണ്ടെത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഐഡിയ സ്റ്റേജ് ടീമുകൾക്കും നിലവിലുള്ള സ്റ്റാർട്ടപ്പുകൾക്കും ഈ ഹാക്കത്തോണുകളിൽ പങ്കുചേരാവുന്നതാണ്. ഹാക്കത്തോണുകളിലൂടെയും സമ്മിറ്റിലൂടെയും തെരഞ്ഞെടുക്കപ്പെടുന്ന മികച്ച വിദ്യാർത്ഥി സംരംഭങ്ങൾക്ക് ഒരു വർഷം നീണ്ടുനിൽക്കുന്ന സമ്പൂർണ്ണ പിന്തുണയാണ് പദ്ധതി ഉറപ്പാക്കുന്നത്. ഒരു സ്റ്റാർട്ടപ്പിന്റെ ആവശ്യമായ എല്ലാ സേവനങ്ങളും ഈ ഒരു വർഷ കാലയളവിൽ കെഎസ് യുഎം നൽകും.

ഹാക്കത്തോണുകളിൽ പങ്കെടുക്കാൻ താൽപര്യമുള്ള രണ്ട് മുതൽ അഞ്ച് വരെ അംഗങ്ങളുള്ള വിദ്യാർത്ഥി ടീമുകൾക്ക് സാങ്കേതികവും സാങ്കേതികമല്ലാത്തതുമായ ഏത് ആശയവും അവതരിപ്പിക്കാനുള്ള അവസരമുണ്ട്. വെറും പ്രോജക്റ്റുകളിൽ ഒതുങ്ങാതെ, വിപണിയിൽ ചലനം സൃഷ്ടിക്കാൻ കഴിയുന്ന സ്റ്റാർട്ടപ്പുകളായി വളർത്തുക എന്നതാണ് ലക്ഷ്യം. സംസ്ഥാനത്തുടനീളം മികച്ച പ്രകടനം കാഴ്ചവെക്കുന്ന നൂനത്വ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായാണ് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഹാക്കത്തോണുകളിൽ മികവ് തെളിയിക്കുന്ന ടീമുകൾക്ക് മാത്രമേ ഐ.ഇ.ഡി.സി സ്റ്റാർട്ടപ്പ് സമ്മിറ്റിലേക്ക് പ്രവേശനം ലഭിക്കൂ. ഓരോ വിദ്യാർത്ഥി സംരംഭത്തെയും ആഗോള വിപണിയിൽ മത്സരക്ഷമതയുള്ള സ്റ്റാർട്ടപ്പുകളാക്കി മാറ്റാനാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ലക്ഷ്യമിടുന്നത്.ഹാക്കത്തോണിൽ പങ്കെടുക്കാൻ:https://iedcstart-upsummit.in/clusterleehackathon എന്ന ലിങ്ക് വഴി അപേക്ഷിക്കാം

## ജൈവമാലിന്യത്തിൽ നിന്ന് ഊർജ്ജം ; സിബിജി പ്ലാന്റ് വരുന്നു

**തിരുവനന്തപുരം:** ജൈവമാലിന്യസംസ്കരണത്തെ കൂടുതൽ ഫലപ്രദമാക്കുകയും സംസ്ഥാനത്തിന്റെ സർക്കുലർ ഇക്കോണമി ലക്ഷ്യങ്ങളും സുസ്ഥിര മാലിന്യസംസ്കരണവും വേസ്റ്റ് ടു വെൽത്ത് ആശയം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി കൊല്ലം ജില്ലയിലെ കുരീപ്പുഴയിൽ ജൈവമാലിന്യത്തെ കംപ്രസ്ഡ് ബയോഗ്യാസ് ആക്കി മാറ്റുന്ന പ്ലാന്റ് സ്ഥാപിക്കുന്നു.

ഫെബ്രുവരി 11ന് ഉച്ചയ്ക്ക് 1ന് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടക്കുന്ന ചടങ്ങിൽ പ്ലാന്റിനായുള്ള ബഹുകക്ഷി കരാർ ഒപ്പുവയ്ക്കും. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ, വിവിധ മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പ്രതിദിനം കുറഞ്ഞത് 120 ടൺ ജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ്, ആവശ്യാനുസരണം 150 ടൺ വരെ വികസിപ്പിക്കാനാവും.

മാലിന്യത്തിൽ നിന്ന് കംപ്രസ്ഡ് ബയോഗ്യാസ് ഉൽപാദിപ്പിക്കുന്നതോടൊപ്പം ജൈവവളം ഉൾപ്പെടെയുള്ള മൂല്യവർധിത ഉപോൽപ്പന്നങ്ങളും നിർമ്മിക്കും. ഇതുവഴി ലാൻഡ്ഫില്ലുകളുടെ ആശ്രയം കുറയ്ക്കാനും ഹരിതഗൃഹ വാതക ബഹിർഗമനം നിയന്ത്രിക്കാനും ഹരിത ഊർജ്ജ ഉൽപാദനം പ്രോത്സാഹിപ്പിക്കാനും സാധിക്കും.



# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കലൂർ പിഎഫ് റീജണൽ കമീഷണർ ഓഫീസ് :** പിഎഫ് പെൻഷൻകാരുടെ മാർച്ചും ധർണയും – ഉദ്ഘാടനം ഡിസിസി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് – രാവിലെ 10ന്.

■ **സ്കിൽവേഴ്സിറ്റി കലൂർ ക്യാമ്പസ് :** സ്കിൽക്സ് ടോക്ക് – ഉച്ചയ്ക്ക് 2 ന്.

■ **കലൂർ ഗോകുലം പാർക്ക് കൺവൻഷൻ സെന്റർ :** വാട്ടർ അതോറിറ്റി റിട്ടയേർഡ് എൻജിനിയേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം – രാവിലെ 10ന്.

## ആലുവ

■ **എടത്തല അൽ അമീൻ കോളേജ് :** അമീൻസ് 2026 അക്കാദമിക് ആൻഡ് ഇന്റർ കോളജിയറ്റ് ഫെസ്റ്റ് – രാവിലെ 9.30ന്.

## കോതമംഗലം

■ **കോതമംഗലം മുനിസിപ്പൽ ഓഫീസ്** : എൽ ഡി എഫ് വികസന മുന്നേറ്റ ജാഥക്ക് സ്വീകരണം –
വൈകിട്ട് 5 മണിക്ക്.

■ **കോതമംഗലം മാർ തോമ ചെറിയ പള്ളി :** മഞ്ഞനിക്കര കാൽനട തീർത്ഥാടക സംഘത്തിന് യാത്ര അയപ്പ് – രാവിലെ 6 മണിക്ക്.

# കെൽട്രോൺ – വിയറ്റ്നാം നേവി കരാർ ഒപ്പിടൽ നാളെ

**കൊച്ചി:** കെൽട്രോൺ വിയറ്റ്നാം നാവികസേന കയറ്റുമതി കരാർ ഒപ്പിടലും, കുസാറ്റിലെ പുതിയ സെന്റർ ഓഫ് എക്സലൻസിന്റെ ഉദ്ഘാടനവും നാളെ നടക്കും. കളമശ്ശേരി ചക്കോളാസ് പവലിയനിൽ വൈകുന്നേരം 6:30ന് നടക്കുന്ന ചടങ്ങ് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. മന്ത്രിയുടെ സാന്നിധ്യത്തിൽ കെൽട്രോണും നിയോ പവറും തമ്മിലുള്ള വിയറ്റ്നാം നേവി കരാറും, കെ.എസ് സ്മാർട്ടുമായുള്ള കൊക്കോണിക്സ് ധാരണാപത്രവും കൈമാറും. സിഗ്നൽ പ്രോസസ്സിംഗിൽ കെൽട്രോണും കുസാറ്റും സംയുക്തമായി ആരംഭിക്കുന്ന സെന്റർ ഓഫ് എക്സലൻസിന്റെ ഉദ്ഘാടനവും ഇതോടൊപ്പം നടക്കും. വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. കെൽട്രോൺ എം.ഡി ശ്രീകുമാർ നായർ പദ്ധതി വിശദീകരണം നടത്തും. നിയോ പവർ, കെ.എസ് സ്മാർട്ട്, കുസാറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖർ ചടങ്ങിൽ സംബന്ധിക്കും

# ഇൻഡോനേഷ്യൻ സാംസ്കാരിക പായക്കപ്പൽ ‘അർക്ക കിനാരി’ കൊച്ചിയിൽ

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെയുടെ സർഗാത്മക അന്തരീക്ഷത്തിലേക്ക് സുസ്ഥിരതയുടെയും കലയുടെയും സന്ദേശവുമായി സാംസ്കാരിക പായക്കപ്പലായ ‘അർക്ക കിനാരി’ ഇൻഡോനേഷ്യയിൽ നിന്നും കൊച്ചിയിലെത്തി. സമുദ്രങ്ങൾ താണ്ടിയെത്തിയ കപ്പലിലെ കലാകാരൻമാരും ഗവേഷകരും കൊച്ചിയിലെ പ്രാദേശിക സമൂഹങ്ങളുമായും ബിനാലെ കലാകാരൻമാരുമായും സംവദിക്കാൻ ഒരുങ്ങുകയാണ്.ഫെബ്രുവരി 10 രാവിലെ 10 മണി മുതൽ കൊച്ചി ഇന്റർനാഷണൽ മറീന KTDC യിൽ സുസ്ഥിര ജീവിതശൈലിയെക്കുറിച്ച് അവബോധം നൽകുന്ന ‘ലബോറട്ടറി ഓഫ് സസ്റ്റൈനബിലിറ്റി ആന്റ് ദ സീ’എന്ന പ്രത്യേക ഗൈഡഡ് വാക് ത്രൂ നടക്കും. ഉച്ചയ്ക്ക് 3 മണിക്ക് എബിസി ആർട്ട്റൂം വാട്ടർ മെട്രോ, ഫോർട്ട് കൊച്ചിയിൽ കുട്ടികൾക്കായി ‘സുവാര ഭൂമി’ എന്ന പേരിൽ കഥ പറച്ചിലും ചിത്രരചനയും ഉൾപ്പെടുത്തിയ ശിൽപശാല സംഘടിപ്പിച്ചിട്ടുണ്ട്.

ഫെബ്രുവരി 13ന് വൈകുന്നേരം 3 മണിക്ക് ഇതേ വേദിയിൽ വിവിധ ദ്വീപുകളിലെ സംഗീത സംസ്കാരങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ‘ലോട്ട് ലൗഡ്’ എന്ന സവിശേഷമായ സംഗീത യാത്രയും അരങ്ങേറും. പരിപാടികളുടെ സമാപനമായി ഫെബ്രുവരി 14ന് വൈകുന്നേരം 7:30ന് അർക്ക കിനാരി കപ്പലിൽ തന്നെ സജ്ജമാക്കുന്ന വേദിയിൽ മൾട്ടിമീഡിയ ദൃശ്യവിരുന്നായ ‘പോർട്ട് പെർഫോമൻസ്’ നടത്തും. കാലാവസ്ഥ വ്യതിയാനത്തിന്റെ ഭീകരമായ ഇരയായി കൊണ്ടിരിക്കുന്ന ഇൻഡോനേഷ്യൻ അനുഭവങ്ങളെ കലാ സാംസ്കാരികമായ രീതികളിലൂടെ ലോകത്തിൻറെ പല പ്രദേശങ്ങളിൽ കപ്പൽ യാത്ര ചെയ്ത് പങ്കിടുന്ന അർക്ക കിനാരി കൊച്ചി വാസികൾക്കും ബിനാലെ സന്ദർശകർക്കും ഒരു പുതിയ അനുഭവം ആയിരിക്കുമെന്ന് എബിസി ആർട്ട് റൂം പ്രോഗ്രാം ഹെഡ് ആർട്ടിസ്റ്റ് ബ്ലെയ്സ് ജോസഫ് പറഞ്ഞു.

ഷൂട്ട് @ സൈറ്റ്



## ബഗ്ഗിയിലേറി..........

*സിയാലിന്റെ ‘എയ്റോ പാർക്ക്’ പദ്ധതിയുടെ ഫേസ് വൺ ഉദ്ഘാടനം ചെയ്യാൻ നെടുമ്പാശേരി വിമാനത്താവളത്തിൽ എത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ, എം.എ യൂസഫലി, മന്ത്രി പി. രാജീവ്, എം.എൽ.എ മാരായ റോജി എം. ജോൺ, അൻവർ സാദത്ത് എന്നിവരെ ബഗ്ഗിയിൽ വേദിയിലേക്ക് കൊണ്ടു പോകുന്നു.*

**ഫോട്ടോ– എ. എസ് സതീഷ്**

# ട്രാഫിക് ലൈറ്റുകളും ക്യാമറകളും കൊച്ചിൻ കോർപ്പറേഷന് കൈമാറണം

**കൊച്ചി :** കൊച്ചി സ്മാർട് മിഷൻ ലിമിറ്റഡിന്റെ (സി.എസ്.എം.എൽ) നിയന്ത്രണത്തിലുണ്ടായിരുന്ന ട്രാഫിക് സിഗ്നലുകളുടെയും ക്യാമറകളുടെയും നിയന്ത്രണം കൊച്ചി മുൻസിപ്പൽ കോർപ്പറേഷന് അടിയന്തരമായി കൈമാറണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും പ്രിൻസിപ്പൽ ഡയറക്ടർക്കും നിർദ്ദേശം നൽകി. വൈറ്റില ജംഗ്ഷനിലെ ട്രാഫിക് ലൈറ്റ് 6 ദിവസമായി പ്രവർത്തിക്കുന്നില്ലെന്ന് മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.

സിഗ്നലുകളുടെയും ക്യാമറകളുടെയും നിയന്ത്രണമുണ്ടായിരുന്ന കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ കരാർ കാലാവധി കഴിഞ്ഞ ഡിസംബർ 31 ന് അവസാനിച്ചതിനെ തുടർന്നാണ് നിയന്ത്രണം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിരുന്നത്. കടവന്ത്ര ജംഗ്ഷനിൽ ഉൾപ്പെടെയുള്ള ട്രാഫിക് സിഗ്നലുകളുടെ തകരാറുകൾ കൊച്ചി കോർപ്പറേഷൻ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. ഇല്ലെങ്കിൽ അപകടങ്ങളും ട്രാഫിക്ക് കുരുക്കുകളും ഉണ്ടാകാനുള്ള സാധ്യതയേറെയാണെന്നും ഉത്തരവിൽ പറഞ്ഞു. ഇതിനാവശ്യമായ നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകണം. വൈറ്റില ജംഗ്ഷനിലെ ക്യാമറയുടെ തകരാറും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും പ്രിൻസിപ്പൽ ഡയറക്ടറും സമാനമായ രീതിയിൽ പരിഹരിക്കണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു.

സാങ്കേതികഏജൻസിയായ കെൽട്രോണിന്റെ സഹായത്തോടെ തകരാർ പരിഹരിക്കണം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും പ്രിൻസിപ്പൽ ഡയറക്ടറും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയും മാർച്ച് 3 ന് പത്തടിപ്പാലം റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിന് മുമ്പ് കമ്മീഷൻ ഓഫീസിൽ സമർപ്പിക്കണം. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രതിനിധി സിറ്റിംഗിന് ഹാജരാകണം.

# ഫ്ളൈ91 എയർലൈൻസ് കൊച്ചി–ലക്ഷദ്വീപ് സർവീസിന് തുടക്കം

**കൊച്ചി:** ചെലവുകുറഞ്ഞ പ്രാദേശിക വിമാന സർവീസുകൾ സാധ്യമാക്കുന്ന ഫ്ളൈ91 എയർലൈൻസ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പ്രവർത്തനം തുടങ്ങി. കൊച്ചി-ലക്ഷദ്വീപ് റൂട്ടിൽ ആഴ്ചയിൽ എല്ലാ ദിവസവും സർവീസ് നടത്തും. നിലവിൽ ഇൻഡിഗോയും അലയൻസ് എയറും സിയാലിൽ നിന്ന് കൊച്ചി-ലക്ഷദ്വീപ് റൂട്ടിൽ പ്രതിദിന സർവീസുകൾ നടത്തുന്നുണ്ട്. എയർപോർട്ട് ഡയറക്ടർ മനു ജി. സർവീസ് ഉദ്ഘാടനം ചെയ്തു.
ഫ്ളൈ91ന്റെ ഗ്രൗണ്ട് ഓപ്പറേഷൻസും ഇൻ ഫ്ളൈറ്റ് സർവീസസും കൈകാര്യം ചെയ്യുന്ന ഡയറക്ടർ ഗൗതം സലാസ്കർ, എയർപോർട്ട് സർവീസസ് വിഭാഗം മേധാവി അനുപ് വെട്ടിയാംകുന്നത്ത്, സ്റ്റേഷൻ മാനേജർ ജെറിൻ സി. ജോയ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി, സി.ഐ.എസ്.എഫ് എന്നീ ഏജൻസികളിലെ മുതിർന്ന ഉദ്യോഗസ്ഥരും സിയാൽ ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു. സർവീസ് ആരംഭിക്കുന്നതിന്റെ ഭാഗമായി, ഫ്ളൈ91ന്റെ കൊച്ചി-ല



ക്ഷദ്വീപ് റൂട്ടിലെ ആദ്യ യാത്രക്കാരെ ടെർമിനലിലെ ചെക്ക്ഇൻ ഏരിയയിൽ ഔപചാരികമായി സ്വാഗതം ചെയ്തു.

# അർബുദത്തെ പ്രതിരോധിക്കാൻ പൊതുജനങ്ങളുടെ പൂർണ്ണ പിന്തുണ ആവശ്യം



**കൊച്ചി:** അർബുദത്തെ പ്രതിരോധിക്കാൻ പൊതുജനങ്ങളുടെ ശക്തമായ പിന്തുണയും സഹകരണവും ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കളമശ്ശേരിയിലെ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ( സി.സി.ആർ.സി) ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് ആയിട്ടുണ്ട്. എങ്കിലും വളരെ ഗൗരവത്തോടെ നാം സമീപിക്കേണ്ട ആരോഗ്യപ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പകർച്ചവ്യാധികളും ജന്തുജന്യ രോഗങ്ങളും ജീവിതശൈലി രോഗങ്ങളും വെല്ലുവിളിയായി തുടരുന്നു.ഇതിൽ ജീവിതശൈലി രോഗങ്ങളുടെ ഗണത്തിലാണ് അർബുദത്തെ പൊതുവേ കാണുന്നത്. എല്ലാ അർബുദ രോഗങ്ങളും ജീവിതശൈലി മൂലം ഉണ്ടാകുന്നതാണ് എന്ന് പറയാൻ കഴിയില്ലെങ്കിലും, ഭൂരിഭാഗം കേസുകളും ആ ഗണത്തിൽ പെടുന്നവയാണ്.

ജീവിതശൈലിയിൽ നല്ല രീതിയിലുള്ള മാറ്റം വരുത്താൻ നാം ഓരോരുത്തരും തയ്യാറാകണം. മികച്ച ആരോഗ്യപരിപാലന ശീലങ്ങൾ പിന്തുടരാൻ നമുക്ക് കഴിയണം. ഓരോരുത്തരും അവരുടെ വ്യക്തിപരമായ ഉത്തരവാദിത്തമായി തന്നെ രോഗപ്രതിരോധത്തെ കാണണം. എങ്കിൽ മാത്രമേ നമ്മുടെ സമൂഹത്തിനും നാടിനും ഭീഷണിയായി തുടരുന്ന അർബുദം പോലുള്ള പല രോഗങ്ങളെയും ഫലപ്രദമായി നേരിടാൻ കഴിയൂ. രോഗമുണ്ടായതിനുശേഷമുള്ള ചികിത്സയ്ക്ക് പകരം രോഗ പ്രതിരോധത്തിനും മുൻകൂട്ടിയുള്ള രോഗ നിർണയത്തിനും സർക്കാർ കൂടുതൽ ഊന്നൽ നൽകുകയാണ്. അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും ഏകോപനവും ഉറപ്പാക്കണം. അതിനായി സർക്കാർ തലത്തിൽ ക്യാൻസർ കൺട്രോൾ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

അർബുദ രംഗത്ത് കേരളത്തിൽ ആദ്യം ഉണ്ടായിരുന്ന പ്രധാന ചികിത്സാ കേന്ദ്രം തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ ആയിരുന്നു. പിന്നീട് മലബാർ ക്യാൻസർ സെന്ററും നിലവിൽ വന്നു. അതിന്റെ തുടർച്ചയിലാണ് ഇപ്പോൾ മധ്യകേരളത്തിൽ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ യാഥാർത്ഥ്യമായിരിക്കുന്നത് മുഖ്യമന്ത്രി പറഞ്ഞു. കിഫ്ബിയിൽ നിന്ന് ലഭ്യമാക്കിയ 449 കോടി രൂപ ചെലവിലാണ് പുതിയ കെട്ടിടസമുച്ചയം നിർമ്മിച്ചിരിക്കുന്നത്. 6.3 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിൽ ഒരുക്കിയിരിക്കുന്ന കെട്ടിടത്തിൽ 387 കിടക്കകളാണ് ഉള്ളത്. അത്യാധുനിക സൗകര്യങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്ന കേന്ദ്രം ഈ മേഖലയ്ക്ക് തന്നെ വലിയ പിന്തുണ നൽകും. 2016 നവംബറിൽ ചെറിയതോതിൽ പ്രവർത്തനം ആരംഭിച്ച കൊച്ചിൻ ക്യാൻസർ സെന്റർ ഇപ്പോൾ മധ്യകേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട അർബുദ ചികിത്സാ കേന്ദ്രമായി മാറിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയായി. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ആമുഖപ്രഭാഷണം നടത്തി. സി.സി.ആർ.സി സ്പെഷ്യൽ ഓഫീസറും സിയാൽ എം.ഡിയുമായ എസ്. സുഹാസ് പദ്ധതി റിപ്പോർട്ട് അവതരിപ്പിച്ചു. ലോക ബാങ്ക് സൗത്ത് ഈസ്റ്റ് ഏഷ്യ ലീഡ് ആതിഫ് സയിദ് സി.സി.ആർ.സി ഡയറക്ടർ ഡോ. പി. ജി. ബാലഗോപാലിന് ഗ്രീൻ ബിൽഡിംഗ് സർട്ടിഫിക്കറ്റ് കൈമാറി. എം.എൽ.എമാരായ കെ.എൻ ഉണ്ണികൃഷ്ണൻ, അൻവർ സാദത്ത്, കെ. ബാബു, ആന്റണി ജോൺ, ഉമാ തോമസ്, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖൊബ്രഗാഡെ, ജില്ലാ കളക്ടർ ജി. പ്രിയങ്ക, കളമശ്ശേരി നഗരസഭ ചെയർമാൻ ജമാൽ മണക്കാടൻ, കൗൺസിലർ കെ. ബി ബാബുരാജ്, ഇൻകെൽ എം.ഡി കെ. ഇളങ്കോവൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# നിയമസഭാ തിരഞ്ഞെടുപ്പിൽ വ്യാപാരികളുടെ വോട്ട് നിർണ്ണായകം

**കൊച്ചി :** വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വ്യാപാരികളുടെ വോട്ടായിരിക്കും നിർണ്ണായകമാകുകയെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര പറഞ്ഞു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചേരാനല്ലൂർ ചിറ്റൂർ യൂണിറ്റിന്റെ 36ാമത് വാർഷിക പൊതുയോഗവും കുടുംബ മേളയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചേരാനല്ലൂർ ചിറ്റൂർ യൂണിറ്റിന്റെ 36ാമത് വാർഷിക പൊതുയോഗവും കുടുംബ മേളയും കെ.വി.വി.ഇ.എസ് സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യുന്നു. ടി.ജെ വിനോദ് എം.എൽ.എ, കെ.എസ് അബ്ദുൾ ഷുക്കൂർ, പി. സി ജേക്കബ്ബ്, സി.എസ് അജ്മൽ, ജിമ്മി ചക്യത്ത്, അയ്യപ്പൻപിള്ള തുടങ്ങിയവർ മുൻനിരയിൽ*

ചേരാനല്ലൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന സമ്മേളനത്തിൽ യൂണിറ്റ് പ്രസിഡന്റ് കെ.എസ് അബ്ദുൾ ഷുക്കൂർ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ചേരാനല്ലൂർ പഞ്ചായത്ത് അംഗങ്ങളെയും മുതിർന്ന വ്യാപാരികളെയും കെ.വി.വി.ഇ.എസ് ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ്, ജില്ലാ ജനറൽ സെക്രട്ടറി സി. എസ് രാമചന്ദ്രൻ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത് എന്നിവർ ചേർന്ന് ആദരിച്ചു.ടി.ജെ.വിനോദ് എം.എൽ.എ, ചിറ്റൂർ ഗോപി, കൊച്ചിൻ മൻസൂർ, കെ.ജി രാജേഷ്, ബെന്നി ഫ്രാൻസിസ്, ഐഷ കരിം, ഷീജ രമേശൻ, പി.ജി ജോസഫ്, കെ.വി.വി.ഇ.എസ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗം അയ്യപ്പൻ പിള്ള, ജില്ലാ ട്രഷറർ സി. എസ് അജ്മൽ, വൈസ് പ്രസിഡന്റ് എം. സി പോൾസൺ, സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് സംസ്ഥാന വൈസ് പ്രസിഡന്റ് ജയാ പീറ്റർ, യൂണിറ്റ് സെക്രട്ടറി കെ.എ അനൂപ്, ട്രഷറർ വി.എ എഡിസൺ തുടങ്ങിയവർ സംസാരിച്ചു.

## ഒഴിവ്

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അറ്റെൻഡർ കം ക്ലീനർ തസ്തികയിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. 18 നും 30 നും ഇടയിൽ പ്രായമുള്ള എസ്എസ്എൽസി യോഗ്യതയുള്ളവർക്കാണ് അവസരം. താല്പര്യമുള്ളവർ യോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ സി സി എം ഹാളിൽ ഫെബ്രുവരി 18 ന് രാവിലെ 11ന് നടക്കുന്ന എഴുത്തു പരീക്ഷയിലും അഭിമുഖത്തിലും പങ്കെടുക്കേണ്ടതാണ് . രജിസ്ട്രേഷൻ അന്നേദിവസം രാവിലെ 10 മുതൽ 10.30 വരെ ആയിരിക്കും.

## താൽക്കാലിക നിയമനം

**കൊച്ചി:** എറണാകുളം ഗവൺമെൻറ് മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിക്ക് കീഴിൽ മാനേജർ തസ്തികയിൽ കരാർ വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്തുന്നു. ഏതെങ്കിലും സർക്കാർ ആശുപത്രികളിലെ സെക്രട്ടറി ആൻഡ് ട്രഷറർ തസ്തികയിലുള്ള പ്രവൃത്തിപരിചയമാണ് യോഗ്യത. 58 വയസ്സ് തികയരുത്. താല്പര്യമുള്ളവർ വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം പ്രിൻസിപ്പാൾ ഓഫീസിന് സമീപമുള്ള സിസിഎം ഹാളിൽ ഫെബ്രുവരി 17 രാവിലെ 11ന് നടക്കുന്ന കൂടിക്കാഴ്ചയിൽ പങ്കെടുക്കേണ്ടതാണ്

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് എച്ച്.ഡി.എസ് മുഖേന സൈക്കാട്രി ഡിപ്പാർട്ട്മെന്റിലേക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. എം.എസ്.സി ക്ലിനിക്കൽ സൈക്കോളജിയും ആർ.സി.ഐ രജിസ്ട്രേഷനും ഉള്ളവർക്കാണ് അവസരം. 36 വയസ്സ് കവിയരുത്. താല്പര്യമുള്ളവർ വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം എറണാകുളം മെഡിക്കൽ കോളേജ് മെഡിക്കൽ സൂപ്ര് ഓഫീസിന് സമീപമുള്ള കൺട്രോൾ റൂമിൽ ഫെബ്രുവരി 17ന് എത്തിച്ചേരേതാണ്. അന്നേദിവസം രാവിലെ 10.30 മുതൽ 11 വരെ ആയിരിക്കും രജിസ്ട്രേഷൻ. ഫോൺ:0484 2754000

## കണ്ടക്ടർ തസ്തികയിൽ ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ കെ എസ് ആർ ടി സി ഡിപ്പോയിൽ ദിവസവേതന അടിസ്ഥാനത്തിൽ കണ്ടക്ടർ തസ്തികയിലെ 199 ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നു. പ്ലസ് ടു ജയം / തത്തുല്യം, സാധുവായ കണ്ടക്ടർ ലൈസൻസ് എന്നിവയാണ് യോഗ്യത. പ്രായപരിധി 2026 ജനുവരി ഒന്നിന് 25-50 വയസ്സ്. യോഗ്യരായ ഉദ്യോഗാർഥികൾ ഫെബ്രുവരി 13ന് മുമ്പ് ബന്ധപ്പെട്ട എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ : 0484- 2422458

## നിക്ഷേപ സംഗമം ഇന്ന്

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നിക്ഷേപ സംഗമം ഇന്ന് പത്തടിപ്പാലം പി ഡബ്ല്യു ഡി റസ്റ്റ് ഹൗസിൽ നടക്കും. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പരിപാടി ഉദ്ഘാടനം ചെയ്യും. ബിയോണ്ട് കോംപറ്റീഷൻ: എ ന്യൂ ഗ്രോത്ത് സ്ട്രാറ്റർജി എന്ന വിഷയത്തിൽ ഡോ. പി പി വിജയൻ, ഇൻവെസ്റ്റ്മെമെന്റ് പ്രൊജക്റ്റ് പ്രിപ്പറേഷൻ എന്ന വിഷയത്തിൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ പി. സ്വപ്ന, ഡി ഐ സി ഫെസിലിറ്റേഷൻ സപ്പോർട്ട്: ഫ്ളാഗ്ഷിപ്പ് ഇനിഷിയേറ്റീവ് ആന്റ് സ്കീം എന്ന വിഷയത്തിൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ അനീഷ് മാനുവൽ എന്നിവർ ക്ലാസുകൾ നയിക്കും. സംരംഭകരുടെ പ്രൊജക്റ്റുകൾ വിശദമായി ചർച്ച ചെയ്യുന്നതിനുള്ള അവസരവും ഉണ്ടായിരിക്കും. കളമശ്ശേരി മുൻസിപ്പൽ ചെയർമാൻ ജമാൽ മണക്കാടൻ ചടങ്ങിൽ അധ്യക്ഷനാവും. ജില്ലാ കളക്ടർ ജി. പ്രിയങ്ക, കെ.എസ്.എസ്.ഐ.എ ജില്ലാ പ്രസിഡന്റ് ടോം തോമസ്, ലീഡ് ബാങ്ക് മാനേജർ സി. അഭിലാഷ്, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ കെ. സിൻസി മോൾ ആന്റണി എന്നിവർ പങ്കെടുക്കും

## അസറ്റ് ഹോംസ് ഗ്രാനറി എക്സ്പീരിയൻസ് സെന്റർ പാലക്കാട് തുറന്നു

**പാലക്കാട്:** പാലക്കാട് മണപ്പുള്ളിക്കാവിൽ നിർമാണം പുരോഗമിക്കുന്ന അസറ്റ് ഹോംസിന്റെ 120ാമത് പദ്ധതിയായ അസറ്റ് ഗ്രാനറിയുടെ എക്സ്പീരിയൻസ് സെന്റർ തുറന്നു. അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി, ജോയിന്റ് വെഞ്ചർ പാർട്ണർമാരായ ടി കെ ഇസ്മയിൽ, ജാഫർ സനൽ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. പൊതുജനങ്ങൾക്ക് എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 9 മുതൽ രാത്രി 9 വരെ എക്സ്പീരിയൻസ് സെന്റർ സന്ദർശിച്ച് പദ്ധതിയുടെ വിശദാംശങ്ങൾ നേരിട്ടു കണ്ടറിയാനാകും.

## പണ നയം പ്രതീക്ഷകൾക്ക് അനുസൃതം; റിപോ നിരക്കിൽ ഇളവിന് പരിമിത സാധ്യത: കൊടാക് മഹീന്ദ്ര ബാങ്ക്

**കൊച്ചി:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) ഏറ്റവും പുതിയ പണനയ പ്രഖ്യാപനം പലിശനിരക്കുകളും നയനിലപാടും ഉൾപ്പെടെ വിപണി പ്രതീക്ഷകൾക്ക് പൂർണമായും അനുസൃതമാണെന്ന് കൊടാക് മഹീന്ദ്ര ബാങ്ക് ചീഫ് ഇക്കണോമിസ്റ്റ് ഉപാസ്ന ഭരദ്വാജ് പറഞ്ഞു. 2026–27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലേക്കുള്ള പണപ്പെരുപ്പ പ്രവചനം ആർബിഐ ചെറിയ തോതിൽ ഉയർത്തിയിട്ടുണ്ടെന്നും അവർ വ്യക്തമാക്കി. പുതിയ സാമ്പത്തിക കണക്കുകളുടെ സീരീസ് പുറത്തുവരാനിരിക്കെ വളർച്ചയും പണപ്പെരുപ്പവും സംബന്ധിച്ച കണക്കുകളിൽ ഇപ്പോഴും അനിശ്ചിതത്വം തുടരുകയാണെന്നും ഉപാസ്ന ഭരദ്വാജ് ചൂണ്ടിക്കാട്ടി. അന്താരാഷ്ട്ര ചരക്ക് വിലകളിലെ വർധനയും രൂപയുടെ ദുർബലതയും പണപ്പെരുപ്പത്തിൽ മേലോട്ടുള്ള അപകടസാധ്യതകൾ സൃഷ്ടിക്കുമെന്നും അവർ വിലയിരുത്തി. ഇതിന്റെ പശ്ചാത്തലത്തിൽ റിപോ നിരക്കിൽ കൂടുതൽ ഇളവുകൾ നൽകാനുള്ള സാധ്യത പരിമിതമാണെന്നും കൊടാക് മഹീന്ദ്ര ബാങ്ക് വ്യക്തമാക്കി.
വരുന്ന കാലയളവിൽ ആർബിഐയുടെ പ്രധാന ശ്രദ്ധ പലിശനിരക്കുകളേക്കാൾ ധനകാര്യ സംവിധാനത്തിലെ ലിക്വിഡിറ്റി സ്ഥിരത ഉറപ്പാക്കുന്നതിലായിരിക്കും എന്നും പ്രസ്താവനയിൽ പറഞ്ഞു.

## ഫൈൻ ഏക്കേഴ്സ് – വിൻഡ്ഹാം സഹകരണം

DOLCE
RESORT BY WYNDHAM
UDAIPUR KODIYAT

**കൊച്ചി:** ആഗോളതലത്തിലെ പ്രമുഖ ഹോട്ടൽ ഫ്രാഞ്ചൈസിംഗ് കമ്പനിയായ വിൻഡ്ഹാം ഹോട്ടൽസ് ആന്റ് റിസോർട്ട്സുമായി സഹകരിച്ച് ഫൈൻ ഏക്കേഴ്സ് ഇന്ത്യയിൽ ഡോൾസ് ഹോട്ടൽസ് ആന്റ് റിസോർട്ട്സ് അവതരിപ്പിക്കുന്നു. ഡോൾസ് ബൈ വിൻഡ്ഹാം ഗോവ, ഡോൾസ് ബൈ വിൻഡ്ഹാം ഉദയ്പൂർ എന്നീ രണ്ട് അന്താരാഷ്ട്ര ഹോട്ടലുകളാണ് ആദ്യഘട്ടത്തിൽ ഗോവയിലും രാജസ്ഥാനിലുമായി ആരംഭിക്കുക. ഉദയ്പൂരിൽ കൊടിയാട്ടിലെ വരാനിരിക്കുന്ന ഡോൾസ് റിസോർട്ട് നടന്ന ധാരണാപത്രം ഒപ്പിടൽ ചടങ്ങിൽ വ്യവസായ പ്രമുഖർ, ബോളിവുഡ് സെലിബ്രിറ്റികൾ, ആഗോള നിക്ഷേപകർ, പ്രധാന പങ്കാളികൾ തുടങ്ങിയവർ പങ്കെടുത്തു. രണ്ട് റിസോർട്ടുകളും ഒരു യൂണിറ്റ് സെയിൽസ് മോഡലിന് കീഴിലാണ് വികസിപ്പിക്കുന്നത്. ഏകദേശം 70% യൂണിറ്റുകളും വ്യക്തിഗത നിക്ഷേപകർക്ക് വിൽക്കുകയും പൂർണ്ണമായും ഒരു നിയന്ത്രിത വാടക പൂളിലേക്ക് പാട്ടത്തിന് നൽകുകയും ചെയ്യുമെന്ന് ഫൈൻ ഏക്കേഴ്സ് അറിയിച്ചു. പുതിയ സഹകരണത്തിലൂടെ പ്രീമിയം വിനോദ കേന്ദ്രങ്ങൾക്കും വിവാഹ വേദികൾക്കുമുള്ള ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന ആവശ്യകതയ്ക്കൊപ്പം, ഡോൾസ് ഗോവയും ഡോൾസ് ഉദയ്പൂരും ലോകോത്തര ഹോസ്പിറ്റാലിറ്റി സേവനങ്ങൾ നൽകുമെന്ന് ഫൈൻ ഏക്കേഴ്സിന്റെ സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ദിനേശ് യാദവ് പറഞ്ഞു.

## ബ്രിക്സ് ബിസിനസ് കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്തു



**കൊച്ചി:** സീഗൾ ഇന്റർനാഷണൽ ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. സുരേഷ്കുമാർ മധുസൂദനനെ ബ്രിക്സ് ബിസിനസ് കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്തു. സ്കിൽസ് ആഡ്വൻസ്ഡ് ടെക്നോളജി ആന്റ് ഇന്നോവേഷൻ വർക്കിങ് ഗ്രൂപ്പിലേക്കാണ് നാമനിർദ്ദേശം. ഇന്ത്യയാണ് ഇത്തവണ ബ്രിക്സിന്റെ അധ്യക്ഷ സ്ഥാനം വഹിക്കുന്നത്. ഇന്ത്യയ്ക്ക് പുറമെ റഷ്യ, ചൈന, ബ്രസീൽ, സൗത്ത് ആഫ്രിക്ക എന്നീ രാജ്യങ്ങളും ബ്രിക്സിലുണ്ട്. യു.എ.ഇ, എത്യോപ്യ, ഈജിപ്ത് എന്നീ അംഗരാജ്യങ്ങളും ബിസിനസ് കൗൺസിലിൽ അംഗങ്ങളാണ്. ബ്രിക്സ് ഇന്ത്യ ചാപ്റ്റർ ചെയർമാൻ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഗ്രൂപ്പ് പ്രസിഡ് ബിജയ് സാഹുവാണ്. ഐ.ഐ.ടി റൂർക്കിയിലെ മെക്കാനിക്കൽ ആന്റ് ഇൻഡസ്ട്രിയൽ എൻജിനീയറിംഗ് വിഭാഗം മേധാവി പ്രൊഫ. അക്ഷയ് ദ്വിവേദിയാണ് സഹ ചെയർമാൻ. നാസ്കോമിലെ ഡോ. അഭിലാഷ ഗൗർ, ആമസോൺ വെബ് സർവ്വീസ് മേധാവി അഭിനവ് ബാനർജി, അദാനി സ്കിൽ ആന്റ് എജ്യുക്കേഷൻ സി ഇ ഒ റോബിൻ ഭൗമിക്, ലിങ്കിഡ് ഇന്നിലെ ഡയറക്ടർ ആദിതി ഝാ, നാംടെക് ഡയറക്ടർ ജനറൽ ഇബ്രാഹിം ഹഫീസുർ റഹ്മാൻ, ഫിക്കി എജ്യുക്കേഷൻ ആന്റ് സ്കിൽസ് മേധാവി ഡോ. രാജേഷ് പങ്കജ്, ഫിക്കി സ്കിൽസ് ജോയിന്റ് ഡയറക്ടർ ദീപ്തി സിംഗ് എന്നിവരാണ് മറ്റ് അംഗങ്ങൾ.

# ബജറ്റിനെ പൊതുജനങ്ങൾ ശരിയായ വിധത്തിൽ പരിശോധിക്കണം




**കൊച്ചി:** കേന്ദ്രത്തിന്റേയും സംസ്ഥാനങ്ങളുടേയും ബജറ്റുകൾ നിരീക്ഷിച്ചാൽ രണ്ടും ഏകദേശം ഒരുപോലെയാണെങ്കിലും കേന്ദ്ര ബജറ്റിൽ കൂടുതൽ മാധ്യമ ശ്രദ്ധ ലഭിക്കുകയാണെന്ന് ന്യൂഡൽഹി ഫിനാൻഷ്യൽ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ കെ ജി നരേന്ദ്രനാഥ് പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷന്റെ ഇൻസൈറ്റ് എക്സ് സീരിസിലെ പതിനഞ്ചാമത് എഡിഷനിൽ കേന്ദ്ര ബജറ്റ് അവലോകനം നടത്തുകയായിരുന്നു അദ്ദേഹം.
വരവു ചെലവുകൾ പരിശോധിച്ചാൽ കേന്ദ്ര സർക്കാർ ചെലവിന്റെ വലിയ പങ്ക് സംസ്ഥാന സർക്കാരുകളാണ് വഹിക്കുന്നത്. മൊത്തം സർക്കാർ ചെലവിന്റെ ഏകദേശം 50 ശതമാനം സംസ്ഥാനങ്ങൾ തന്നെ ചെലവഴിക്കുന്നതിനാൽ കേന്ദ്ര സർക്കാരിനെക്കാൾ കൂടുതൽ ചെലവ് സംസ്ഥാന സർക്കാരുകളാണ് നടത്തുന്നത്.

ബജറ്റിനെ ചുറ്റിപ്പറ്റി വളരെയധികം വാഗ്ദാനങ്ങളും വാചകക്കസർത്തുകളുമുണ്ടാകും. അതു പൊളിച്ചുനോക്കി ശരിയായ പശ്ചാത്തലത്തിൽ പരിശോധിച്ചാൽ എന്താണ് നടക്കുന്നതെന്നു പോലും പലപ്പോഴും ജനങ്ങൾക്ക് മനസ്സിലാകുന്നില്ല. തങ്ങൾക്ക് അറിയില്ല എന്ന കാര്യം പോലും പൊതുജനങ്ങൾക്ക് അറിയില്ലെന്നതാണ് വാസ്തവമെന്നും ഇതുപോലുള്ള സാഹചര്യത്തിലാണ് ബജറ്റുകളും രാഷ്ട്രീയ നേതൃത്വവുമെല്ലാം പ്രവർത്തിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എല്ലാ കാലത്തും അധികാരത്തിലുള്ള സർക്കാർ തങ്ങൾ ചെയ്യുന്ന ഓരോ കാര്യങ്ങളും എടുത്തു പറയുമെങ്കിലും മുൻ സർക്കാരുകൾ എന്താണ് നന്നായി ചെയ്തത്, എന്താണ് തെറ്റായി ചെയ്തത് എന്ന് മനസ്സിലാക്കണമെങ്കിൽ സ്ഥിതിവിവര കണക്കുകൾ മനസ്സിലാക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ സമ്പദ്വ്യവസ്ഥ മൂന്നാമത്തേതോ നാലാമത്തേതോ വലുതാണെന്ന് പറയുമ്പോൾ മനസ്സിലാക്കേണ്ട് അത് സമ്പദ്വ്യവസ്ഥയുടെ നാമമാത്ര വലുപ്പത്തെ കുറിച്ച് മാത്രമാണെന്നാണ്. ഇന്ത്യ വലിയ രാജ്യമായതിനാലും വലിയ ജനസംഖ്യയുള്ളതിനാലുമാണ് ഇത്തരത്തിൽ വലുപ്പം പറയാൻ സാധിക്കുന്നത്. അതിനർഥം യഥാർഥത്തിൽ യൂറോപ്പിനെയോ ജർമ്മനിയെയോ മറികടക്കുന്നു എന്നല്ല. ഏകദേശം മൂവായിരം ഡോളർ മാത്രമാണ് ഇന്ത്യയുടെ പ്രതിശീർഷ വരുമാനം. വികസിത രാജ്യമാകാൻ കുറഞ്ഞത് 14,000 ഡോളർ പ്രതിശീർഷ വരുമാനം കൈവരിക്കണം. അമേരിക്കയുടെ പ്രതിശീർഷ വരുമാനം ഏകദേശം 65,000 ഡോളറാണ്.

2047ഓടെ ഇന്ത്യ ഒരു വികസിത രാജ്യമാകണം എന്നതാണ് പ്രധാനമന്ത്രിയുടെ ലക്ഷ്യമെങ്കിലും അത് സാധ്യമാകണമെങ്കിൽ വർഷംതോറും 89 ശതമാനം വളർച്ച 2047 വരെ തുടർച്ചയായി നിലനിർത്താനാവണമെന്നും അതൊരു കഠിന ദൗത്യമായിരിക്കുമെന്നും കെ ജി നരേന്ദ്രനാഥ് പറഞ്ഞു. ഇന്ത്യയുടെ സേവനമേഖല, പ്രത്യേകിച്ച് ഐടി സേവനങ്ങൾ, ഇപ്പോൾ വലിയ തോതിൽ മുന്നേറ്റം നടത്തുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

നിലവിലെ ബജറ്റിൽ മൊത്തത്തിലുള്ള വളർച്ചയും ആരോഗ്യവിദ്യാഭ്യാസ മേഖലകളിലെ വളർച്ചയും താരതമ്യം ചെയ്താൽ അവയിൽ ചെറിയ മെച്ചമുണ്ടെങ്കിലും ഉയർന്ന വളർച്ചയല്ല അല്പം കൂടുതലുള്ള വേഗത മാത്രമാണെന്ന് മനസ്സിലാക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ഹരി കുമാർ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റും പ്രോഗ്രാം ചെയറുമായ ദിലീപ് നാരായണൻ, ഹോണററി സെക്രട്ടറി കെ അനിൽ വർമ തുടങ്ങിയവർ സംസാരിച്ചു.

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ ആൻഡ് എൻവയോൺമെന്റൽ റിസർച്ച് ഉദ്ഘാടനം ചെയ്തു

**കൊച്ചി :** ജലപരിസ്ഥിതി മാനേജ്മെന്റിലെ അറിവും പ്രൊഫഷണൽ വൈദഗ്ധ്യവും വികസിപ്പിക്കുന്നതിനായും, പുതിയകാല തൊഴിൽ സാദ്ധ്യതകൾ തുറന്നുകിട്ടുന്നതിനായും രൂപകൽപന ചെയ്ത വിദ്യാഭ്യാസ സ്ഥാപനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ ആൻഡ് എൻവയോൺമെന്റൽ റിസർച്ച് (ഐവർ), ബ്രാൻഡ് അംബാസഡർ കൂടിയായ ചലചിത്ര താരം അനൂപ് മേനോൻ ഉദ്ഘാടനം ചെയ്തു. ഇതാദ്യമായാണ് കേരളത്തിൽ ജല പരിശോധനയുമായി ബന്ധപ്പെട്ട കോഴ്സുകൾക്കായി സമഗ്രമായ ഒരു സ്ഥാപനം ആരംഭിക്കുന്നത്.

ക്ലീൻ ഹബ് പൊല്യൂഷൻ കൺട്രോൾ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിന്റെ വാട്ടർമാക് എന്ന ബ്രാൻഡിന് കീഴിൽ പ്രവർത്തിക്കുന്ന ഐവർ, റെസിഡൻഷ്യൽ, വാണിജ്യ, വ്യാവസായിക മേഖലകളിൽ ജലമലിനജല ശുദ്ധീകരണങ്ങൾക്കുള്ള നൂതന പരിഹാരങ്ങൾ നൽകുന്നതിൽ ഈ സ്ഥാപനങ്ങൾക്കുള്ള 18 വർഷത്തിലേറെക്കാലത്തെ പരിചയം കൈമുതലാക്കിയാണ് ഈ മേഖലയിലേക്ക് കടക്കുന്നത്. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ എൻവിറോൺമെന്റൽ എഞ്ചിനീയറിംഗ് , ഇടിപി ആൻഡ് എസ്ടിപി ഓപ്പറേഷൻസ് , പ്രൊഫഷണൽ വാട്ടർ അനാലിസിസ് ആൻഡ് ടെസ്റ്റിംഗ്, എക്സ്പെർട്ട് ലെവൽ കോഴ്സ് ഇൻ വാട്ടർ ഫിൽറ്റർ പരിശീലനം, അഡ്വാൻസ്ഡ് എംബിആർ (മെംബ്രേയ്ൻ ബയോ റിയാക്ടർ) ടെക്നോളജി, വാട്ടർ ട്രീറ്റ്മെന്റ് ടെക്നോളജി, കോംബ്രിഹെൻസീവ് വാട്ടർ ട്രീറ്റ്മെന്റ്, ക്വാളിറ്റി മാനേജ്മെന്റ് എന്നീ മേഖലയിലാണ് ഇവിടെ കോഴ്സുകൾ നൽകുന്നത്. .ഐഎസ് 10500, ഡബ്ല്യൂഎച്ച്ഓ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള ദേശീയ, അന്തർദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തനം, പരിപാലനം, പരിശോധന എന്നിവയിൽ ഇതിലൂടെ പ്രായോഗിക അനുഭവം ലഭിക്കും.

ജല സംസ്കരണ സാങ്കേതികവിദ്യകളിൽ സമഗ്രവും നൂതനവുമായ പരിശീലനം നൽകുക, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, സമൂഹ ആരോഗ്യവും പരിസ്ഥിതി നിലവാരവും മെച്ചപ്പെടുത്തുന്ന സുസ്ഥിര ജല പരിഹാരങ്ങൾ വികസിപ്പിക്കുക എന്നിവയാണ് ഐവർ ലക്ഷ്യമിടുന്നതെന്ന് ക്ലീൻഹബ് പൊല്യൂഷൻ കൺട്രോൾ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഇ.കെ. മരക്കാർ പറഞ്ഞു. ചടങ്ങിൽ ഐവറിന്റെ ക്യാംപയിൻ ചിത്രവും ലോഗോയും പ്രകാശനം ചെയ്തു. സംവിധായകനും നടനുമായ ശങ്കർ രാമകൃഷ്ണൻ ചടങ്ങിൽ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കണ്ടൽ കക്കയെ ഇനി കൃത്രിമമായി വിരിയിക്കാം; ഗവേഷണ നേട്ടവുമായി സി.എം.എഫ്.ആർ.ഐ



**കൊച്ചി:** കണ്ടൽ കക്കയെ ഹാച്ചറിയിൽ കൃത്രിമമായി പ്രജനനം നടത്തുന്നതിൽ വിജയിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ലഭ്യത കുറഞ്ഞുവരുന്ന ഈ കക്ക വർഗ്ഗത്തെ സംരക്ഷിക്കുന്നതിനും കൃഷിയിലൂടെ തീരദേശവാസികൾക്ക് പുതിയ വരുമാനമാർഗ്ഗം ഒരുക്കുന്നതിനും വഴിതുറക്കുന്നതാണ് ഈ ശാസ്ത്രീയ നേട്ടം.സി.എം.എഫ്.ആർ.ഐയിലെ മാരികൾച്ചർ വിഭാഗം ശാസ്ത്രജ്ഞരാണ് ജിലോയ്ന ഇറോസ എന്ന ശാസ്ത്രനാമമുള്ള കക്കയുടെ വിത്തുൽപാദന സാങ്കേതികവിദ്യ വികസിപ്പിച്ചത്. കണ്ടൽക്കാടുകളിലും കായലോരങ്ങളിലും കണ്ടുവരുന്ന സുപ്രധാനമായ കക്ക ഇനമാണിത്. സംസ്ഥാനത്ത് വടക്കൻ കേരളത്തിലാണ് ഇവയെ കൂടുതലായി കാണപ്പെടുന്നത്. എന്നാൽ പലവിധ വെല്ലുവിളികൾ കാരണം ഇവയുടെ ലഭ്യത കുറഞ്ഞുവരികയാണ്. പോഷകഗുണമേറിയ വിഭവമായാണ് കണക്കാക്കപ്പെടുന്നത്. അനിയന്ത്രിതമായ കക്ക വാരൽ, മലിനീകരണം, കണ്ടൽക്കാടുകളുടെ നാശം എന്നിവ ഇവ കുറയുന്നതിനുള്ള കാരണമാകുന്നുണ്ട്. പുതിയ സാങ്കേതികവിദ്യ വഴി ഉൽപ്പാദിപ്പിക്കുന്ന കക്ക കുഞ്ഞുങ്ങളെ കണ്ടൽ വനങ്ങളിൽ നിക്ഷേപിക്കുന്നതിലൂടെ വംശനാശഭീഷണി ഒഴിവാക്കാനും ഉൽപാദനം കൂട്ടാൻ വഴിയൊരുക്കുമെന്നാണ്പ്രതീക്ഷ. കൂടാതെ, കുറഞ്ഞ ചെലവിൽ ഇവയെ വളർത്തിയെടുക്കാനുള്ള കൃഷിരീതികൾ വികസിപ്പിക്കുന്നതോടെ തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും സുസ്ഥിരമായ ഉപജീവനമാർഗ്ഗവും ഉറപ്പാക്കാൻ സാധിക്കും. അതിജീവനം വർദ്ധിപ്പിച്ച് വൻതോതിൽ വിത്തുൽപ്പാദനം നടത്തുന്നതിനുമുള്ള ശ്രമങ്ങൾ സി.എം.എഫ്.ആർ.ഐയിൽ പുരോഗമിക്കുകയാണ്.

# കോൺഫിഡന്റ് ഗ്രൂപ്പിൽ നടന്നത് ആദായ നികുതി വകുപ്പിന്റെ സാധാരണ പരിശോധന




**കൊച്ചി:** കോൺഫിഡന്റ് ഗ്രൂപ്പിന്റെ ഓഫിസിൽ ആദായ നികുതി വകുപ്പ് നടത്തിയ പരിശോധന എല്ലാ വർഷവും നടക്കാറുള്ള സാധാരണ പരിശോധന മാത്രമായിരുന്നുവെന്നും എന്തെങ്കിലും ക്രമക്കേടിന്റെയോ പരാതിയുടെയോ അടിസ്ഥാനത്തിൽ നടന്ന പരിശോധനയല്ലെന്നും കോൺഫിഡന്റ് ഗ്രൂപ്പ് എം.ഡി ടി. എ ജോസഫ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അന്തരിച്ച കോൺഫിഡന്റ് ഗ്രൂപ്പ് ചെയർമാൻ സി.ജെ റോയിയെ ആക്ഷേപിച്ചുകൊണ്ട് സോഷ്യൽ മീഡിയ വഴി ഏതാനും യൂട്യൂബർ മാർ നടത്തുന്ന പ്രചാരണം വളരെ വേദനയുളവാക്കുന്നതാണ്, ഇത് ശരിയായ മാധ്യമ പ്രവർത്തനമാണോയെന്ന് അവർ തന്നെ വിലയിരുത്തണം.

ഇ.ഡി പോലുള്ള ഒരു ഏജൻസിയും കോൺഫിഡന്റ് ഗ്രൂപ്പിന്റെ ഓഫിസിൽ റെയ്ഡ് നടത്തിയിട്ടില്ല. അത്തരം പ്രചാരണങ്ങൾ അടിസ്ഥാന രഹിതമാണ്. കമ്പനി ആരംഭിച്ചതു മുതൽ ഇന്നുവരെ ആരെയെങ്കിലും കബളിപ്പിക്കുകയോ ആരുടെയെങ്കിലും കൈയ്യിൽ നിന്നും അനാവശ്യമായി പണം വാങ്ങുകയോ ചെയ്തിട്ടില്ല. കോൺഫിഡന്റ് ഗ്രൂപ്പിന്റെ ക്ലൈന്റസ് അല്ലാതെ ഒരാളും കമ്പനിയിൽ പണം നിക്ഷേപിച്ചിട്ടില്ല. അത്തരം ഇടപാടുകളുടെ തെളിവ് കൊണ്ടുവന്നാൽ അതിന്റെ ഇരട്ടിയായി തങ്ങൾ തിരിച്ചുകൊടുക്കാമെന്നും അദ്ദേഹം പറഞ്ഞു. കോൺഫിഡന്റ് ഗ്രൂപ്പ് മാസ്റ്റർ ബിൽഡർ എന്ന നിലയിലേയ്ക്ക് ഉയർന്നു വന്നിട്ടുള്ള ഉത്തരവാദിത്വമുള്ള ഒരു കമ്പനിയാണ്. എന്നാൽ കള്ളക്കടത്തും ബിനാമിയും മണി ലോണ്ടറിങ്ങും നടത്തുന്ന കമ്പനിയാണ് എന്ന് വരുത്തിത്തീർക്കാൻ പലരും ശ്രമിച്ചുവെങ്കിലും തങ്ങളെ വിശ്വസിക്കുന്നവർക്ക് കാര്യം വ്യക്തമായി മനസിലായിട്ടുണ്ട്.

ഒരു വിധത്തിലുള്ള കള്ളക്കച്ചവടവും തങ്ങൾ നടത്തിയിട്ടില്ല. ബംഗളുരുവും കേരളവും വെവ്വേറെ ഡിവിഷനായി ഒത്തൊരുമയിലാണ് കോൺഫിഡന്റ് ഗ്രൂപ്പ് പ്രവർത്തിക്കുന്നത്. നിലവിൽ നിർമാണ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി തന്നെ തുടരുന്നുണ്ടെന്നും പുതിയ പ്രൊജക്ടുകൾ പ്ലാനിങ്ങിൽ ഉണ്ടെന്നും അദ്ദേഹം പറഞ്ഞു. “സെയിൽ, കളക്ഷൻ, കൺസ്ട്രക്ഷൻ” എന്ന ആപ്ത വാക്യത്തിൽ അധിഷ്ഠിതമായി പ്രവർത്തിച്ചു വരുന്നതാണ് തങ്ങളുടെ വിജയത്തിന്റെ അടിസ്ഥാനമെന്നും അദ്ദേഹം വ്യക്തമാക്കി.

# റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ലോർഡ്സ് ഡിസ്ട്രിക്റ്റ് ഗവർണർ സന്ദർശനം നടന്നു



**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോർഡ്സിന്റെ ഡിസ്ട്രിക് ഗവർണേഴ്സ് ഒദ്യോഗിക സന്ദർശനം കലൂർ ഐ.എം.എ ഹൗസിൽ നടന്നു. ക്ലബ് ന്യൂസ് ലെറ്റർ ലോർഡ്സ് വോയ്സ് പ്രകാശനം ചടങ്ങിൽ നിർവ്വഹിച്ചു. ഡിസ്ട്രിക്റ്റ് ഡയറക്ടർ സുധീൻ വിലങ്ങാടൻ, സെക്രട്ടറി കെ.വിഷ്ണു ദാസ് , എ ജി റൊട്ടേറിയൻ ആർ. ജെ പ്രഹർഷ് , ഡി ജി റൊട്ടേറിയൻ ഡോ. ജി എൻ രമേഷ്, ക്ലബ് പ്രസിഡന്റ് ജോജി ഗീവർഗീസ്, ജി ജി ആർ റൊട്ടേറിയൻ സഞ്ജീവ് കുമാർ, ചാർട്ടർ പ്രസിഡന്റ് റൊട്ടേറിയൻ ഡോ. കെ വി തോമസ്, ഡിസ്ട്രികറ്റ് ജനറൽ സെക്രട്ടറി തേജസ്, ഡി ആർ എഫ് സി ബാലഗോപാൽ തുടങ്ങിയവർ പങ്കെടുത്തു.

# അഞ്ചാം വയസ്സിൽ ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ മെഹൻ തനയ്




**കൊച്ചി:** അഞ്ചാം വയസ്സിൽ ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെ തിളക്കത്തിൽ മെഹൻ തനയ്. ഇറാം അക്കാദമി ഫോർ സ്പോർട്സ് ആന്റ് എക്സെല്ലെൻസിൽ (പ്രഭാപുരം) യു കെ ജി വിദ്യാർഥിയാണ് പുലാമന്തോൾ സ്വദേശികളായ മണികണ്ഠന്റെയും സരിതയുടെയും മകനായ മെഹൻ തനയ്. അറിവിന്റെ ലോകത്ത് വിസ്മയമായി മെഹന് 145 ലോകരാജ്യങ്ങളുടെ പതാകകളും പേരുകളും ചിത്രങ്ങളിലൂടെ തിരിച്ചറിയാനാവും. അതോടൊപ്പം 97 ജനറൽ നോളേജ് ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി പറയുകയും ഇന്ത്യയിലെ സംസ്ഥാനങ്ങൾ, വൻകരകൾ, ലോകരാജ്യങ്ങൾ എന്നിവയിൽ അസാമാന്യ അറിവും പ്രകടമാക്കിയാണ് മെഹൻ തനയ് നേട്ടം സ്വന്തമാക്കിയത്.

# സാമ്പത്തിക നേട്ടവുമായി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് ലിമിറ്റഡിന്റെ വാണിജ്യ വാഹന വിഭാഗം 2026 സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ മികച്ച സാമ്പത്തിക നേട്ടം വൈരിച്ചു. വരുമാനം 21500 കോടി രൂപയായി, എബിറ്റ്ഡ 2700 കോടി രൂപയിലേക്കും ഉയർന്നു. ഈ മാർജിൻ തുടർച്ചയായി 10ാം പാദവും ഡബിൾ ഡിജിറ്റിൽ 12.7% ആയി. ശക്തമായ പ്രവർത്തനഫലവും കാര്യക്ഷമമായ വർക്കിംഗ് ക്യാപിറ്റൽ മാനേജ്മെന്റും മൂലം മൂന്നാം പാദത്തിൽ ഫ്രീ കാഷ് ഫ്ളോ 4800 കോടി രൂപയായി. 2025 ഡിസംബർ 31നുള്ളതിനകം ആഭ്യന്തര ബിസിനസിൽ നെറ്റ് കാഷ് 3900 കോടി രൂപയായി. കൺസോളിഡേറ്റഡ് ഫലങ്ങൾ പ്രകാരം മൊത്തം വരുമാനം 21800 കോടി രൂപയും, നെറ്റ് കാഷ് 6100 കോടി രൂപയും ആയി. മൂന്നാം പാദത്തിൽ ഫിനാൻസ് ചെലവ് 198 കോടി രൂപയായി കുറഞ്ഞു. കമ്പനി കൂടുതൽ ലാഭകരമായ വളർച്ചയും പുതുമയുള്ള വാഹന ലോഞ്ചുകളും വഴി മുന്നോട്ട് പോകുമെന്ന് മാനേജ്മെന്റ് അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സിയാലിനെ സമ്പൂർണ ഏവിയേഷൻ ഇക്കോ സിസ്റ്റമാക്കുക ലക്ഷ്യം: മുഖ്യമന്ത്രി



**കൊച്ചി:** സിയാലിനെ സമ്പൂർണ ഏവിയേഷൻ ഇക്കോ സിസ്റ്റമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സിയാൽ എയ്റോ പാർക്ക് ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഐ.ടി പാർക്ക് ഉൾപ്പെടുന്ന രാം ഘട്ടവും എയ്റോ സിറ്റി ഉൾപ്പെടുന്ന മൂന്നാം ഘട്ടവും ഉടൻ യാഥാർത്ഥ്യമാകുമെന്നും അദ്ദേഹം പറഞ്ഞു. കാലാനുസൃത മാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ് ഏതൊരു വികസനത്തിന്റെയും വിജയം. വിമാനത്താവളത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഒപ്പം കാലാനുസൃത മാറ്റം ഭംഗിയായി നിർവഹിക്കാൻ സിയാലിന് സാധിച്ചുവെന്നും മുഖ്യമന്ത്രി പറഞ്ഞു. ഏവിയേഷൻ സംബന്ധമായ അറ്റകുറ്റപ്പണികൾ, ട്രെയിനിങ്, ടെക്നിക്കൽ സപ്പോർട്ട് സർവീസുകൾ എന്നിവയ്ക്കായുള്ള ഒരു പ്രത്യേക മേഖലയായാണ് എയ്റോ പാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ പ്രവർത്തിക്കുന്ന കമ്പനികൾക്കും എം.ആർ.ഒ വിഭാഗങ്ങൾക്കും പുറമെ 101 കോടി രൂപയുടെ പുതിയ സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

വിമാന അറ്റകുറ്റപ്പണികൾ, പാർക്കിംഗ്, എഞ്ചിൻ സ്റ്റോറേജ്, ട്രെയിനിങ് ഹാളുകൾ, ക്ലാസ് റൂമുകൾ തുടങ്ങിയ സൗകര്യങ്ങൾ പാർക്കിലുണ്ട്. മാത്രമല്ല എയറോ പാർക്കിൽ നിന്ന് എയർപോർട്ട് ഓപ്പറേഷണൽ ഏരിയയിലേക്കും സിറ്റി സൈഡിലേക്കും കണക്റ്റിവിറ്റിയും ഒരുക്കിയിട്ടുണ്ട്. പുതിയ പദ്ധതിയിലൂടെ നേരിട്ട് രണ്ടായിരത്തോളം പേർക്കും അതിന്റെ മൂന്നിരട്ടി പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. ഒരു പ്രത്യേക സാമ്പത്തിക മേഖലയുടെ എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു കേന്ദ്രമായി എയറോ പാർക്ക് മാറും. കഴിഞ്ഞ പത്തുവർഷക്കാലമായി നടപ്പിലാക്കി വരുന്ന വികസന കാഴ്ചപ്പാടുകൾ നാടിന്റെ മുഖച്ഛായ മാറ്റുന്നത് എങ്ങനെ എന്നതിന്റെ നേർചിത്രമാണ് സിയാൽ. നാടിന്റെ വ്യവസായ സാമ്പത്തിക വളർച്ചയുടെ കരുത്തുറ്റ കേന്ദ്രമാണ് വിമാനത്താവളം എന്ന് സിയാലിലൂടെ കേരളം ലോകത്തിന് കാണിച്ചു കൊടുക്കുകയായിരുന്നു എന്നും മുഖ്യമന്ത്രി പറഞ്ഞു.

എയ്റോ പാർക്കിൽ പുതിയതായി ചേർത്ത 40,000 ചതുരശ്ര അടിയിൽ 30 കോടി രൂപ ചെലവഴിച്ച നിർമ്മിച്ച സിഐഎഎസ്എൽ ബിസിനസ് സെന്റർ, എയർസൈഡ് ഓപ്പറേഷൻസിന്റെ സുരക്ഷയ്ക്കായുള്ള 13 കോടിയുടെ ടെക്നിക്കൽ സർവീസസ് ഫെസിലിറ്റി, അഗ്നിശമന സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള ൪ കോടി ചെലവിൽ നിർമ്മിച്ച ഇന്ത്യയിലെ ഏറ്റവും വലിയ ഏവിയേഷൻ ബ്രീത്തിംഗ് അപ്പാരറ്റസ് ട്രെയിനിംഗ് ഗാലറി എന്നിവയാണ് മുഖ്യമന്ത്രി നാടിന് സമർപ്പിച്ചത്. കൂടാതെ, 45 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന മൂന്നാമത്തെ ഹാങ്ങർ നിർമ്മാണം പുരോഗമിക്കുകയാണ്.

ഇതിനോടൊപ്പം വ്യോമയാന സുരക്ഷാ പരിശീലനത്തിനായി 8 കോടി രൂപയുടെ ഏവിയേഷൻ പ്രഷർഫെഡ് ഫയർ ഫൈറ്റിംഗ് ഫെസിലിറ്റി, ഇന്ത്യയിലാദ്യമായി ഒരു വിമാനത്താവളത്തിനുള്ളിൽ 3 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന അർ വാട്ടർ റെസ്ക്യൂ ട്രെയിനിംഗ് ഫെസിലിറ്റി എന്നിവയുടെ നിർമ്മാണ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. സാമൂഹിക നീതിയും ജനക്ഷേമവും മുൻനിർത്തിയുള്ള സിയാലിന്റെ വികസന പ്രവർത്തനം മാതൃകാപരമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി പി. രാജീവ് പറഞ്ഞു.

ചടങ്ങിൽ സിയാൽ ഡയറക്ടറും പ്രമുഖ വ്യവസായിയുമായ എം.എ. യൂസഫലി, എം.എൽ.എമാരായ അൻവർ സാദത്ത്, റോജി എം. ജോൺ, രാജ്യസഭാംഗം അഡ്വ. ഹാരിസ് ബീരാൻ, ചീഫ് സെക്രട്ടറി ഡോ. ജയതിലക് ഐഎഎസ്, അങ്കമാലി മുനിസിപ്പൽ ചെയർപേഴ്സൺ റീത്ത പോൾ, നെടുമ്പാശേരി പഞ്ചായത്ത് പ്രസിഡന്റ് ജെസി ജോർജ്ജ്, കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് സെബാസ്റ്റ്യൻ പോൾ, ശ്രീമൂലനഗരം പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസി ഡേവിസ്, അങ്കമാലി മുനിസിപ്പൽ കൗൺസിലർ ടി.വൈ. ഏലിയാസ്, സിയാൽ ഡയറക്ടർമാരായ ഇ.കെ. ഭരത് ഭൂഷൺ, എൻ.വി. ജോർജ്ജ്, വർഗീസ് ജേക്കബ്, സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐഎഎസ്, സി.ഐ.എ.എസ്.എൽ മാനേജിങ് ഡയറക്ടർ സന്തോഷ് ജെ. പൂവാട്ടിൽ എന്നിവർ പങ്കെടുത്തു.

## ഗുഡ്നസ് ഗ്രൂപ്പിന്റെ ഭൂരിപക്ഷ ഓഹരി റിലയൻസ് കൺസ്യൂമറിന്




**കൊച്ചി/ ബാംഗ്ലൂർ:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ എഫ്.എം.സി.ജി വിഭാഗമായ റിലയൻസ് കൺസ്യൂമർ പ്രോഡക്റ്റ്സ് ലിമിറ്റഡ് (ആർ.സി.പി.എൽ), ഓസ്ട്രേലിയയിലെ 'ബെറ്റർഫോർയു' പാനീയ വ്യവസായമായ ഗുഡ്നസ് ഗ്രൂപ്പ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് (ജി.ജി.ജി) ൽ ഭൂരിപക്ഷ ഓഹരി സ്വന്തമാക്കി. ഈ ഇടപാടിലൂടെ ഓസ്ട്രേലിയയിലെ ഉപഭോക്തൃ ഉൽപ്പന്ന വിപണിയിലേക്ക് ആർ.സി.പി.എൽ പ്രവേശിക്കും. കരാറിന്റെ ഭാഗമായി, നെക്സ്ബാ , പേസ് എന്നിവയുൾപ്പെടെ ഗുഡ്നസ് ഗ്രൂപ്പിന്റെ ആരോഗ്യകരമായ പാനീയ ബ്രാൻഡുകൾ ഇന്ത്യ ഉൾപ്പെടെയുള്ള പുതിയ വിപണികളിലേക്ക് എത്തിക്കാൻ ആർ.സി.പി.എൽ സഹായിക്കും.

# ജനറാലി സെൻട്രൽ ലൈഫ് ഇൻഷുറൻസ് 'ഹിയർ നൗ' പദ്ധതി വ്യാപിപ്പിക്കുന്നു

**കൊച്ചി:** ജനറാലി സെൻട്രൽ ലൈഫ് ഇൻഷുറൻസ് (ജിസിഎൽഐ) തങ്ങളുടെ ദേശീയ ബ്രാൻഡ് ക്യാംപെയ്നായ 'ഹിയർ നൗ' അടുത്ത ഘട്ടം അവതരിപ്പിച്ചു. 2025ൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുമായി പങ്കാളിത്തത്തിലേർപ്പെട്ട ജനറാലി കുടുംബങ്ങൾക്ക് കൃത്യസമയത്ത് ശരിയായ സാമ്പത്തിക തീരുമാനങ്ങൾ എടുക്കാൻ ആവശ്യമായ പിന്തുണ ഉറപ്പാക്കാനാണ് പ്ലാൻ അവതരിപ്പിച്ചതെന്ന് ജനറാലി സെൻട്രൽ ലൈഫ് ഇൻഷുറൻസ് എം.ഡിയും സി.ഇ.ഒയുമായ അലോക് രംഗ്ത പറഞ്ഞു. ഇൻഷുറൻസ് എന്നത് വെറുമൊരു സംരക്ഷണം എന്നതിലുപരി, വ്യക്തികളുടെയും മക്കളുടെയും വലിയ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള ഒരു ഉപാധിയാണെന്ന് ക്യാംപെയ്ൻ വ്യക്തമാക്കുന്നു.

കുട്ടികളുടെ വലിയ സ്വപ്നങ്ങളും ദമ്പതികളുടെ വിശ്രമകാലവും ആവിഷ്കരിക്കുന്ന ക്യാംപെയ്നിൽ സാമ്പത്തിക ആസൂത്രണം വഴി ഭയരഹിതമായി സ്വപ്നം കാണാനും ആത്മവിശ്വാസത്തോടെ ചിന്തിക്കാനും 'ബഡാ സോച്ചോ ഫോർ യുവർ ബിന്ദാസ്' ലക്ഷ്യങ്ങൾ പിന്തുടരാനും സാധിക്കുമെന്ന് അലോക് രംഗ്ത പറഞ്ഞു.

കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ ജനറാലി സെൻട്രൽ ലോംഗ് ടേം ഇൻകം പ്ലാൻ, മണി ബാക്ക് സൂപ്പർ പ്ലാൻ, അഷ്വേർഡ് എഡ്യൂക്കേഷൻ പ്ലാൻ തുടങ്ങിയ പദ്ധതികൾ കമ്പനി ലഭ്യമാക്കുന്നു. വിശ്രമകാല ആവശ്യങ്ങൾക്കായി ജനറാലി സെൻട്രൽ ലോംഗ് ടേം ഇൻകം പ്ലാൻ, ലൈഫ് ടൈം പാർട്ണർ പ്ലാൻ, മണി ബാക്ക് സൂപ്പർ പ്ലാൻ എന്നിവയിലൂടെ സുരക്ഷിതമായ വരുമാനം ഉറപ്പാക്കാം. ഇൻഷുറൻസിനെ വെറുമൊരു സാമ്പത്തിക സംരക്ഷണം എന്നതിലുപരി, ഒരാൾ ആഗ്രഹിക്കുന്ന ജീവിതം നയിക്കാനുള്ള ഒരു ഉപാധിയായി ജനങ്ങൾ കാണണമെന്ന് ഈ സംരംഭത്തിലൂടെ ഞങ്ങൾ ആഗ്രഹിക്കുന്നതായും അലോക് രംഗ്ത പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com